


# നൊമ്പരമായി ഒരു ആമിന

• ഷീബാ രാമചന്ദ്രൻ, റിയാദ്

*സൗദി അറേബ്യയിലെ അറിയപ്പെടുന്ന എഴുത്തുകാരിയും സാമൂഹ്യപ്രവർത്തകയുമാണ് ശ്രീമതി ഷീബാരാമചന്ദ്രൻ. ഗൾഫ്മാധ്യമം, മലയാളം ന്യൂസ് തുടങ്ങിയ പത്രങ്ങളിൽ നിരവധി ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇപ്പോൾ അൽ ഹുദ ഗ്രൂപ്പ് ഓഫ് സ്കൂൾ പി.ആർ.ഒ ആയി പ്രവർത്തിക്കുന്നു. സമകാലിക വിഷയങ്ങളിലും ഇസ്ലാമിക വിഷയങ്ങളിലും വിവിധ പ്രബന്ധ മത്സരങ്ങളിൽ പങ്കെടുത്ത് വിജയിച്ചിട്ടുണ്ട്. പ്രവാസജീവിതത്തിലെ സാമൂഹ്യജീവകാരുണ്യപ്രവർത്തനങ്ങൾക്കിടയിലെ ഒരു പെൺനൊമ്പരത്തെ പകർത്തുകയാണ് ലേഖിക...*

**2007ലെ** സമാധാനത്തിനുള്ള നോബൽ സമ്മാനജേതാവും മുൻ അമേരിക്കൻ വൈസ് പ്രസിഡന്റുമായ 'അൽഗോർ' തന്റെ കൃതിയിൽ (എൻ ദ ബാലൻസ്) കേരളത്തെ മറ്റ് മൂന്നാംലോകരാജ്യങ്ങൾക്ക് മാതൃകയാക്കാമെന്ന് അഭിപ്രായപ്പെടുകയുണ്ടായി. എന്നാൽ പരമ്പരാഗതമായ സാമൂഹ്യ-സാമ്പത്തിക-ശാസ്ത്ര സിദ്ധാന്തങ്ങൾക്ക് എളുപ്പം പിടികൊടുക്കാത്ത ചില വികസനമാതൃകകൾ ലോകത്തിന് മുന്നിൽ അവതരിപ്പിച്ച ഒരു സംസ്ഥാനം (കേരളാ മോഡൽ എന്ന് ഇതിനെ മുൻ നോബൽ ജേതാവ് അമർത്യാസെൻ വിശേഷിപ്പിച്ചു) കമ്പോളവൽക്കരണത്തിന്റെയും അതിന്റെ ഉപോൽപ്പന്നങ്ങളുടെയും ഫലമായി പടവലം പോലെ കീഴ്പോട്ട് വളരുമ്പോൾ സമൂഹത്തിലെ നിർധനരും ആലംബഹീനരും പാർശ്വവൽക്കരിക്കപ്പെട്ടതുമായ ജനവിഭാഗങ്ങൾ ജീവിക്കാൻ തന്നെ അർഹരല്ലെന്ന (അർഹതയുടെ അതിജീവനം) പുത്തൻ 'പാഠഭേദങ്ങൾ' തീർത്തു കഴിഞ്ഞു.

വൈദേശികാധിപത്യത്തിനു കീഴിൽ സ്വന്തം നാട്ടിൽ സ്വത്വം നഷ്ടപ്പെട്ട എന്റെ പൂർവപിതാക്കന്മാർ അനുഭവിച്ച അതേ അന്യത ഇന്ന് ഞാനും അനുഭവിക്കുന്നു. എനിക്ക് ശരാശരിക്കാരനും താഴ്ന്നവനും ഉയർന്നവനുമുണ്ട്. സാങ്കേതികമായോ സാമ്പത്തികമായോ വിദ്യാഭ്യാസപരമായോ രാഷ്ട്രീയമായോ പരമ്പരാഗതമായോ അവകാശപ്പെടാവുന്നതെല്ലാം തന്നെയുണ്ട്. എങ്കിലും ജീവിതത്തിന്റെ അർത്ഥസമ്പുഷ്ടതകൾ വ്യാപിച്ചു കിടക്കുന്ന തലങ്ങളിൽ ഞാൻ ശരാശരിക്കാരനോ അതിലും താഴ്ന്നവനോ ആണ്. എന്റെ നിലവാരത്തേക്കാൾ അയൽപക്കക്കാരന്റെ നിലവാരത്തിനോ വിദ്യാഭ്യാസത്തിനോ സമ്പത്തിനോ ചേർന്ന തൊഴിൽ കണ്ടെത്തുവാൻ നിലവിലുള്ള സാമൂഹികാന്തരീക്ഷം ശരാശരി ഇന്ത്യക്കാരനെ അനുവദിക്കാതായപ്പോൾ ജീവിതത്തിനടിത്തറ പാകുവാൻ, കടമകൾ തീർക്കുവാൻ, കടമ്പകൾ കടക്കാൻ അവൻ പുത്തൻ സങ്കേതങ്ങൾ തേടിത്തുടങ്ങി. ഉറവിടം കണ്ടെത്താൻ എന്റെ നാട് പാകമല്ലാത്തതിനാൽ ജീവിതപാതയിൽ നിന്ന് എന്നെ മാറ്റിനിർത്തിയ ന്യൂനതകൾ പ്രശ്നസങ്കീർണ്ണമാകാത്തൊരു ജീവിതസാഹചര്യത്തെ സായത്തമാക്കുവാൻ എന്നെ പ്രേരിപ്പിച്ചു. ഒടുവിൽ പരിഹാസങ്ങളുടെയും, ഒരുപിടി ജീർണിച്ച സാമ്പത്തിക ബാധ്യതകളുടെയും മാറാപ്പും തോളിലേറ്റി കടൽകടന്നു.

അന്നം തേടിയുള്ള നമ്മുടെ പ്രയാണത്തിന് ദശകങ്ങളുടെ പഴക്കമുണ്ട്. ചേക്കേറുന്നിടത്തും സ്വന്തം സംസ്കൃതിക്ക് പോറലേൽപിക്കാത്ത പുതിയ മാനങ്ങൾ കണ്ടെത്തുന്ന നമുക്ക് പിറന്ന നാട് 'പ്രവാസി' എന്ന പുന്നാരപ്പേര് നൽകി. ഒരു സഹൃദയന്റെ വാക്കുകളിൽ "ആട്ടിപ്പായിക്കപ്പെട്ടവൻ' (Expatriate).

പ്രയാസപൂർണപാതകൾ പിന്നിട്ട് മോഹനസ്വപ്നങ്ങളുമായി മണൽക്കാട്ടിൽ പറന്നിറങ്ങുമ്പോൾ വിസാതട്ടിപ്പിനാൽ വഞ്ചിതരാകുന്ന ആയിരകണക്കിന് മനുഷ്യജന്മങ്ങൾ ഉണ്ട്. ഈ തട്ടിപ്പുകൾ നടത്തുന്ന വൻതിമിംഗലങ്ങൾ മാധ്യമങ്ങൾക്ക് മുന്നിൽ പ്രത്യക്ഷപ്പെടാറില്ലെങ്കിലും അപൂർവ്വമായി മാത്രം ചെറുമീനുകളെ നാം കണ്ടെത്തി വാർത്താവിഭവമാക്കുന്നു. പലപ്പോഴും പുരുഷപ്രജകൾ അന്നംതേടിയും അഭയംതേടിയും സ്വന്തം നാട്ടുകാരെ കണ്ടെത്തി താൽക്കാലികകേന്ദ്രങ്ങളിൽ ഒളിച്ച്

കഴിയുമ്പോൾ വഞ്ചിക്കപ്പെടുന്ന സ്ത്രീസമൂഹം ചെന്നെത്തുക നിലയില്ലാത്ത കയത്തിൽ വലയും വിരിച്ച് കാത്തിരിക്കുന്ന വാണിഭ സംഘങ്ങളുടെ കൈകളിലാണ് എന്നതാണ് ഏറെ ദുഃഖകരം.

ഭർത്താവിന്റെയും മക്കളുടെയും പട്ടിണിയകറ്റാൻ, അനിയത്തിമാരെ കെട്ടിക്കാൻ, ആങ്ങളമാരുടെ മക്കളെ കെട്ടിക്കാൻ, വൃദ്ധരായ മാതാപിതാക്കൾക്ക് അന്നമൂട്ടാൻ എന്നിങ്ങനെ നാടിനും വീടിനുമായി ഉരുകിത്തീരുന്ന 'പ്രവാസത്തിന്റെ പെൺമുഖങ്ങൾ' നേരിടുന്നത് സംശയത്തിന്റെ ഒളിക്കണ്ണുകളാണ്. സംഗതികളിങ്ങനെയൊക്കെയാണെന്നറിഞ്ഞിട്ടും അറബിയുടെ അടുക്കളപ്പണിക്ക് ക്യൂ നിൽക്കുന്നവരുടെ എണ്ണം നാട്ടിൽ കൂടി വരികയാണ്.  യഥാർത്ഥ ബോധവത്ക്കരണം ആവശ്യമായ മേഖല അതാണ് എന്ന് സംഘടനകൾ പോലും മറന്നു പോകുന്നു.  2002 ഫെബ്രുവരി മാസത്തിലാണ് ഞാനാദ്യമായി ആമിനയെ കാണുന്നത്.  ബുറൈദ കിംങ് ഫഹദ് ഹോസ്പിറ്റലിലെ ലീലാമ്മ സിസ്റ്ററാണ് ആ ദുരന്തകഥ പറഞ്ഞത്. സ്പോൺസറുടെ ക്രൂരമായ പീഡനങ്ങൾക്കിരയായി ഐ.സി.യുവിൽ അഡ്മിറ്റ് ചെയ്യപ്പെട്ട ആമിനയെക്കുറിച്ച് അന്ന് കൂടുതൽ ഒന്നും അറിയാൻ കഴിഞ്ഞില്ല. ഉന്നതങ്ങളിൽ ബന്ധമുള്ള സ്പോൺസർ തന്ത്രപൂർവ്വം സന്ദർശകരെ ഒഴിവാക്കിച്ച് 'വി.ഐ.പി' ട്രീറ്റ്മെന്റ് നൽകുകയായിരുന്നു.

മലപ്പുറം ജില്ലയിലെ വേങ്ങര എന്ന സ്ഥലത്തുള്ള ആമിനയെ കേവലം 13ാം വയസ്സിലാണ് സൈതലവി വിവാഹം കഴിക്കുന്നത്.  ബാപ്പയും ആങ്ങളമാരും ഇല്ലാത്ത ആമിനയെ ഒൻപതു വർഷങ്ങൾക്കുശേഷം ഉപേക്ഷിച്ച് സൈതലവി വേറെ വിവാഹം കഴിച്ചു. 9ഉം 6ഉം വയസ്സുള്ള രണ്ടു പെൺകുട്ടികളുടെ ഉമ്മയായ അവൾ അങ്ങനെ 23ാം വയസ്സിൽ അറബിയുടെ അടുക്കളപ്പണിക്ക് ഈ പുണ്യഭൂമിയിലെത്തി. അൽഖസീമിലെ സമ്പന്ന ജന്മികുടുംബത്തിലെ അടുക്കളക്കാരിക്ക് നേരിടേണ്ടി വന്നത് ദുരിതങ്ങളായിരുന്നു. അറബിയുടെ മൂന്നാമത്തെ ഭാര്യയുടെ പ്രസവശുശ്രൂഷക്കായി എത്തിച്ചേർന്ന അവളെ മയക്കുമരുന്നിനടിമയായ അറബി ഭാര്യമാരുടെ മുമ്പിൽവെച്ചുതന്നെ കൈകാലുകൾ കട്ടിലിൽ ബന്ധിച്ചശേഷം ലൈംഗികമായി പീഡിപ്പിക്കുമായിരുന്നു. ഗർഭിണിയായ ആമിനയെ പ്രാകൃതമായ മാർഗത്തിലൂടെ ഗർഭം ഒഴിപ്പിക്കാൻ ശ്രമിച്ചതിലൂടെ ഉണ്ടായ അമിതരക്തസ്രാവമാണ് ആശുപത്രിവരെ എത്തിച്ചത്.



ബുറൈദയുടെ സാമൂഹ്യ ജീവകാരുണ്യരംഗത്ത് സജീവമായിരുന്ന എന്നെ തിരുവല്ലക്കാരി ലീലാമ്മ സിസ്റ്റർ ( King Fahad Superspeciality Hospital Buraida Centre) ആണ് ആമിനയെ കുറിച്ചുള്ള വിവരങ്ങൾ അറിയിച്ചത്. ഒരു വെള്ളിയാഴ്ച ജുമുഅഃ നേരം നോക്കി ആമിനയെ ഹോസ്പിറ്റലിൽ രഹസ്യമായി ചെന്നു കണ്ടപ്പോൾ കരഞ്ഞു കൊണ്ടവർ, 'പുറംലോകത്തെ അറീക്കല്ലേ ടീച്ചറേ. എന്റെ പെൺകുട്ടികൾക്ക് ജീവിതം കിട്ടില്ലാ. ഞങ്ങളുടെ നാട്ടുകാര് ഒത്തിരി ഇവിടെയുണ്ട്. ആരും അറിയല്ലേ' എന്നു മാത്രം പറഞ്ഞ് കൊണ്ടേയിരുന്നു.  തന്മൂലം തന്നെ പത്രമാധ്യമങ്ങൾക്ക് വിഭവമാകാതെ ആ സംഭവം ഖസീമിലെ ചേരികളിൽ മാത്രം ഒതുങ്ങി.

മയക്കുമരുന്നിന് അടിമയായിരുന്ന കാട്ടറബി ആ സ്ത്രീയുടെ ശരീരത്തിൽ സിഗരറ്റുകൊണ്ട് പൊള്ളിച്ച പാടുകൾ വ്രണമായി തുടങ്ങിയിരുന്നു. സിനിമകളിൽ മാത്രം കണ്ട് പഴകിച്ച പ്രകൃതമായ പീഡനബാക്കി നേരിട്ടു കണ്ടപ്പോൾ അക്ഷരാർത്ഥത്തിൽ ഞെട്ടിപ്പോയി.  നാലുദിവസങ്ങൾക്കുശേഷം ലീലാമ്മ സിസ്റ്റർ ഫോൺ ചെയ്തു പറഞ്ഞു, 'ആമിനയെ കാണാനില്ല' എന്ന്.  എന്റെ പേര് പോലീസ് ചോദിച്ചറിഞ്ഞു എന്നും. കാരണം ഞാൻ മാത്രമായിരുന്നു അവർക്കുള്ള ഏക സന്ദർശക. ഉടൻ തന്നെ ഇസ്‌ലാഹി സെന്ററി(ജാലിയാത്ത്)ലെ മലയാളവിഭാഗത്തിലെ അധ്യാപകരുമായി ഞാൻ സംസാരിച്ചു. ഗുരുതരമായ പ്രശ്നമാണിതെന്നു പറഞ്ഞെങ്കിലും അവർക്കും എന്തു ചെയ്യണമെന്നറിയില്ലായിരുന്നു.  അപ്പോഴാണ് കിംങ് സൗദ് ഇസ്‌ലാമിക് യൂണിവേഴ്സിറ്റി ഉനൈസ(മുത്തവമാരെ പഠിപ്പിക്കുന്ന കോളേജ്)യിലെ ഇംഗ്ലീഷ് പ്രൊഫസർ ആയ സൗദിപൗരനെ കുറിച്ച് എനിക്കോർമ വന്നത്.

വിശുദ്ധ ഖുർആനെ അടിസ്ഥാനമാക്കി നടത്തിയ ക്വിസ് മത്സരത്തിൽ മൂന്നാം തവണയും ഒന്നാംസ്ഥാനം കരസ്ഥമാക്കിയതിനാൽ അദ്ദേഹമായിരുന്നു സമ്മാനം നൽകുന്നതിന് എത്തിയത്.  സ്ത്രീകൾക്ക് ആ വേദി അനുവദനീയമല്ലാതിരുന്നതിനാൽ സമ്മാനം ഇന്ത്യൻ ഇസ്‌ലാഹി സെന്റർ ഏറ്റുവാങ്ങി എനിക്കു നൽകുകയായിരുന്നു.  എന്റെ ഫോൺ നമ്പർ അന്വേഷിച്ച് വാങ്ങി അദ്ദേഹം എന്നെ വിളിച്ച് അന്ന് അഭിനന്ദിച്ചിരുന്നു. വളരെ നന്നായി ഇംഗ്ലീഷ് സംസാരിക്കുന്ന അദ്ദേഹം ആദ്യമേ എന്നോട് മതം മാറുന്നതിനെകുറിച്ച് സംസാരിച്ചപ്പോൾ  'ഞാൻ പ്രതിനിധാനം ചെയ്യുന്ന മതത്തെ ബഹുമാനിച്ചുകൊണ്ട് എന്റെ സഹോദരങ്ങളുടെ മതത്തെയും വിശുദ്ധ ഗ്രന്ഥത്തെയും അറിയാനുള്ള ശ്രമം മാത്രമാണ്' എന്ന് ഞാൻ തുറന്ന് പറഞ്ഞതാണ് അദ്ദേഹത്തിന് എന്നെ ഏറെ ഇഷ്ടമാവാൻ കാരണമെന്ന് പിന്നീട് മിക്കപ്പോഴും പറയാറുണ്ടായിരുന്നു. എന്നെ മകളെപ്പോലെ സ്നേഹിക്കുന്ന ആ മനുഷ്യനാണ് സഹായത്തിനായി അന്ന് എത്തിയത്. പിറ്റേന്ന് ഇന്ത്യൻ സ്കൂളിൽ വന്ന പോലീസ് ഉദ്യോഗസ്ഥരേയും മുത്തവമാരേയും കണ്ട് എല്ലാവരും പകച്ചു.  എന്നെ അന്വേഷിച്ച് വന്നതിനാൽ വിഷയം കുറേക്കൂടി ശ്രദ്ധയാകർഷിച്ചു. അറബി ഭാഷ ഒരക്ഷരംപോലും പറയാൻ അറിയാത്ത എന്നോട് അവർ മാന്യമായ രീതിയിൽ അറബിയിൽ  എന്തെ


ആരാമം ● ആഗസ്റ്റ് 2010



ല്ലാമോ സംസാരിച്ചു. സ്കൂളിലെ അറബി ടീച്ചർ ട്രാൻസ്‌ലേറ്റർ ആയി. 'ആമിനയെ നേരത്തെ അറിയുമോ? നാട്ടിൽ അടുത്താണോ? എങ്ങനെയാണ് ഹോസ്പിറ്റലിൽ നിന്ന് ആരും അറിയാതെ അവൾ രക്ഷപ്പെട്ടത്? ഇപ്പോൾ അവൾ എവിടെയാണ്? അവൾക്ക് നിങ്ങളുടെ ഫോൺ നമ്പർ അറിയുമോ?' എന്നിങ്ങനെ ചോദ്യങ്ങൾ നീണ്ടു. പ്രൊഫസറുടെ ഫോൺ നമ്പർ നൽകിയ ശേഷം ഞാൻ പറഞ്ഞു. ഇദ്ദേഹത്തോട് ഞാൻ എല്ലാം പറഞ്ഞിട്ടുണ്ട് എനിക്ക് ഒന്നും അറിയില്ല എന്ന്. അവർ ഫോണിൽ വിളിച്ച് എന്തൊക്കെയോ ബഹുമാനപൂർവ്വം സംസാരിച്ചു. 'മാലിഷ്' എന്നു മാത്രം പറഞ്ഞ് മടങ്ങി പോയി.

ഇതിനോടകം സ്കൂളിൽ പോലീസ് വന്നു എന്നത് വലിയ ഒരു സംഭവമായി മാറി. ഞാൻ ആമിനയെ എന്റെ വീട്ടിൽ ഒളിപ്പിച്ചിരിക്കുന്നു എന്ന് എന്റെ സഹപ്രവർത്തകരായ അധ്യാപികമാർ വരെ പറഞ്ഞുപരത്തി. എന്നാൽ പ്രൊഫസറുടെ ഇടപെടൽ ശക്തമായിരുന്നു. സൗദി പൗരന്റെ മൂന്നാംഭാര്യയുടെ സഹായത്തോടെ അവരുടെ സഹോദരങ്ങളാണ് ആമിനയെ മറ്റൊരു വീട്ടിലേക്ക് മാറ്റിയത് എന്ന് രണ്ടു ദിവസം കൊണ്ട് തന്നെ തെളിഞ്ഞു. ആ സ്ത്രീ അത് പോലീസിനോട് തുറന്നു പറഞ്ഞു. അപ്പോൾ മാത്രമാണ് എന്റെ ഫോൺ നമ്പറുകൾ ചെക്കിംങ്ങിൽ നിന്ന് മോചിതമായത്.

ഈ സംഭവം എന്നെ വളരെയേറെ വേദനിപ്പിച്ചുവെങ്കിലും സൗദി അറേബ്യയിലെ ഉന്നത പണ്ഡിത ശ്രേഷ്ഠനായ 'ബാബ' എന്ന് ഞാൻ വിളിക്കുന്ന സൗദി മുത്തവമാരെ ഞാൻ ബഹുമാനിക്കാൻ തുടങ്ങി. 'Give respect and Take respect' എന്നത് വളരെ ശരിയാണെന്ന് തോന്നുകയും ചെയ്തു. ഒരുപക്ഷേ അദ്ദേഹത്തിന്റെ പ്രചോദനമായിരിക്കാം 'മക്കയിലെ മുസ്‌ലീം വേൾഡ്‌ലീഗിന്റെ' ഗവേഷണ പ്രബന്ധമത്സരത്തിൽ എനിക്ക് തീസിസ് സമർപ്പിക്കാൻ കഴിഞ്ഞത്. ഒരു വർഷത്തെ പ്രയത്നഫലമായി 500 ഓളം പേജുകളിൽ എഴുതിയ തീസീസ് 11 രാജ്യങ്ങളിലെ 50 ഓളം വരുന്ന പണ്ഡിതശ്രേഷ്ഠന്മാർക്ക് മുമ്പിൽ സമർപ്പിക്കാൻ കഴിഞ്ഞത് തന്നെ മഹാഭാഗ്യമായി ഞാൻ കരുതുന്നു.

ആമിനയുടെ ആ സംഭവത്തോടെ സാമൂഹ്യ ജീവകാരുണ്യ പ്രവർത്തനരംഗത്തുനിന്ന് ഞാൻ പിന്മാറുമെന്ന് പലരും കരുതി. എന്നാൽ കുറേക്കൂടി ശക്തമായിത്തന്നെ ഞാൻ മുന്നോട്ടിറങ്ങി. ഭയാശങ്ക തീരെ ഇല്ലാതെ തന്നെ. തെറ്റ് 'ചെയ്യാതെ' ശിക്ഷിക്കപ്പെടില്ല എന്നതാണ് ഈ മണ്ണിന്റെ മഹത്വമെന്ന അറിവ് കൂടുതൽ പ്രചോദനം നൽകി. ആമിനയുടെ കഥ അവിടെ തീർന്നില്ല.

സൗദിയുടെ ഭാര്യയുടെ കാരുണ്യത്തോടെ അവിടെ നിന്നും രക്ഷപ്പെട്ട ആമിന പല വീടുകളിലും നിന്ന് അവസാനം ചെന്നെത്തിയത് ബുറൈദ നാഷണൽ കൊമേഴ്സ്യൽ ബാങ്കിലെ ഉദ്യോഗസ്ഥയായ സൗദി വനിതയുടെ കുട്ടികളെ നോക്കാനായിരുന്നു. ജവാസാത്തിൽ ഉദ്യോഗസ്ഥനായ ഭർത്താവിനെ സംശയമുള്ള ആ സ്ത്രീ ആമിനയെ ചെറിയ കാര്യങ്ങൾക്ക് പോലും വല്ലാതെ പീഡിപ്പിച്ചു കൊണ്ടിരുന്നു. എങ്കിലും കൃത്യമായ ഒരു തുക ശമ്പളമായി ലഭിക്കുന്നതിനാൽ അവൾക്ക് അതെല്ലാം ദുരിതമായി തോന്നിയതേയില്ല.

കേവലം എണ്ണയുടെ പേരിൽ തുടങ്ങിയ വഴക്കാണ് പിന്നീട് പല പ്രശ്നങ്ങൾക്കും വഴി തെളിച്ചത്. എണ്ണ പലപ്പോഴും ലോകസമാധാനത്തിന് തന്നെ ഭീഷണിയാകാറുണ്ട്. ഇവിടെ സംഗതി കേവലം കേശതൈലം മാത്രമാണ്. സൂപ്പർമാർക്കറ്റിൽ പർച്ചേസിംങിനിടെ സൗദി ഭാര്യക്ക് പരസ്യത്തിൽ കാണുന്ന ഇന്ത്യയിൽ നിന്നുള്ള ഒരു കേശതൈലം കാണിച്ചു കൊടുത്തിട്ടു ആമിന പറഞ്ഞു, 'ഇത് തേയ്ച്ചാൽ തലയ്ക്കും നല്ലതാണ് നിറയെ മുടിയും വളരും' എന്ന്. ആമിനയുടെ കഷ്ടകാലത്തിന് അവൾ അതാണ് ഉപയോഗിച്ചിരുന്നത്. കേശതൈലം ഉപയോഗിച്ചാലും ഇല്ലെങ്കിലും വളരെ നന്നായി നീണ്ട മുടിയുള്ളവളാണ് ആമിന. സംശയരോഗിയായ ആ സ്ത്രീ, ആമിനയെ കൊണ്ട് ആ എണ്ണ കുടിപ്പിക്കുകയും നീണ്ട അവളുടെ മുടി കഴുത്തറ്റം മുറിച്ചു മാറ്റുകയും ചെയ്തു. എന്നിട്ടും രണ്ടുദിവസത്തെ നിരാഹാരത്തിനുശേഷം അവൾ വീണ്ടും യാഥാർഥ്യവുമായി പൊരുത്തപ്പെട്ടു. തന്റെ പെൺമക്കളുടെ മുഖമായിരുന്നു അവൾക്ക് കരുത്തേകിയത്.

എന്നാൽ ആമിനയുടെ ഒരു ചെറിയ തെറ്റാണ് അവളുടെ ജീവിതത്തെ പിന്നീട് മാറ്റി മറിച്ചത്. അറബിയുടെ ബെഡ്റൂം തുടച്ചു വൃത്തിയാക്കുന്നതിനിടയിൽ ഭംഗിയുള്ള പെർഫ്യൂം കുപ്പി കണ്ട് അവൾ അത് തുറന്ന് കൈയ്യിൽ അടിച്ച ശേഷം ദേഹത്ത് പുരട്ടി. ചന്ദനത്തിന്റെ സുഗന്ധമുള്ള ആ അത്തറ് അവൾക്ക് നൽകിയത് കൊടിയശിക്ഷയാണ്. ജോലി കഴിഞ്ഞു വന്ന സൗദി വനിത തന്റെ ഭർത്താവിന്റെ മണം നിന്റെ ദേഹത്ത് എങ്ങനെ വന്നു എന്ന് ചോദിച്ച് ബഹളം വെച്ചു. ഹീറ്ററിലെ നിന്ന് തിളച്ചവെള്ളം ആമിനയുടെ മുഖത്തും മാറിലും ഒഴിച്ചു. ഗുരുതരമായി പൊള്ളലേറ്റ ആമിന വീണ്ടും ആശുപത്രിയിൽ. ഡിസ്ചാർജ്ജ് ചെയ്ത് വീട്ടിൽ വന്നിട്ടും ദുരിതത്തിനു കുറവുണ്ടായില്ല. സൗദിയുടെ കുടുംബ സുഹൃത്തിന്റെ വീട്ടിലെ ശ്രീലങ്കക്കാരിയായ വീട്ടുജോലിക്കാരി കൊടുത്ത ഒരു കുപ്പി തേൻ ആണ് ഇപ്രാവശ്യം വില്ലൻ ആയത്. ആ സ്ത്രീ ജോലി ചെയ്ത വീട്ടിൽനിന്ന് മോഷ്ടിച്ച് നൽകിയതാണെന്ന് പറഞ്ഞതിനാൽ അത് എവിടെ നിന്ന് കിട്ടി എന്ന് എത്ര ചോദിച്ചിട്ടും ആമിന പറഞ്ഞില്ല. പൊള്ളലേറ്റ് വെളുത്ത പാടുകൾ കൊണ്ട് വികൃതമായ ആ മുഖത്ത് മാറിമാറി അടിച്ചുകൊണ്ട് ആ സ്ത്രീ ബഹളം കൂട്ടി. ഭർത്താവു വന്നപ്പോൾ അയാളുമായി ആ വിഷയത്തിൽ കലഹം തുടങ്ങിയപ്പോൾ ആമിന അവിടെനിന്ന് രക്ഷപ്പെടണം എന്ന് തീർച്ചപ്പെടുത്തി. താൻ മൂലം നിരപരാധിയായ സൗദി പൗരൻ ആത്മഹത്യ ചെയ്താലോ എന്നായിരുന്നു അവളുടെ ഭയം.

അങ്ങനെയാണ് അതിരാവിലെ വരുന്ന ബലദിയ വാഹനത്തിൽ കയറി ഇന്ത്യൻ സ്കൂൾ ബുറൈദയിൽ എന്നെ തേടി വരുന്നത്. വെറുംകയ്യോടെ വികൃതമായ മുഖവും മുറിച്ചു കളഞ്ഞ മുടിയും അടികൊണ്ട പാടുമായി അവൾ നിന്നു വിറക്കുകയായിരുന്നു. എനിക്കു മുമ്പേ എത്തിച്ചേർന്ന മലയാളി അധ്യാപികമാർ കാര്യങ്ങൾ എല്ലാം ചോദിച്ചറിഞ്ഞ് പൊടിപ്പും തൊങ്ങലുമായി

**ദീനിബോധമുള്ള ഉത്തമയായ ഭാര്യയായി ജീവിച്ചിരുന്ന ആമിനയെ ഇത്തരം അനാശാസ്യവൃത്തിയിലേക്ക് ഇറക്കിവിട്ടവർ ആര്? സമൂഹം ചോദിച്ചേക്കാം ഇതല്ലാതെ അവൾക്ക് മറ്റെന്തൊക്കെ മാർഗമുണ്ട് എന്ന്. അപ്പോൾ കരിയുന്നത് കേരളത്തിലെ കമ്പോളവൽക്കരണത്തിലെ കറവപശുക്കളായ അടുത്ത തലമുറയാകാം.**

പ്രിൻസിപ്പലിനെ വിവരമറിയിച്ചിരുന്നു. 2004ൽ ആണത്. അന്നും ഇപ്പോഴും നസ്റിൻ സെയ്ദ് എന്ന ബോംബെക്കാരിയാണ് പ്രിൻസിപ്പൽ. വല്ലതും മോഷ്ടിച്ചുകൊണ്ട് കടന്നതാകും എന്ന് പറഞ്ഞ് അവർ ദേഷ്യപ്പെട്ടു. ‘ആമിനയെ ഇന്ത്യൻ എംബസിയിലെത്തിക്കണം, അവളെ നാട്ടിൽ കയറ്റിയയക്കുകയാണ് വേണ്ടത്’ എന്ന് ഞാൻ എത്ര പറഞ്ഞിട്ടും പ്രിൻസിപ്പൽ കേട്ടില്ല. അവർ, ദേഷ്യത്തോടെ എന്നോട് ചോദിച്ചു. 'What you think of yourself Sheeba? Are you the Ambassador of Indian Community?' അന്നാദ്യമായി മേലുദ്യോഗസ്ഥയായ അവരുടെ മുഖത്തുനോക്കി വളരെ മോശമായ രീതിയിൽ പ്രതികരിക്കേണ്ടിവന്നു.

സ്കൂൾ മാനേജ്മെന്റ് കമ്മറ്റിയും ഇന്ത്യൻ എംബസിയെ അറിയിക്കാൻ തയ്യാറല്ലായിരുന്നു. അന്നത്തെ മലയാളി ഫസ്റ്റ് സെക്രട്ടറിയായിരുന്ന വി.വി നാരായണൻ സാറിനെ ഫോണിൽ ബന്ധപ്പെട്ടപ്പോൾ ലഭിച്ച മറുപടി, ‘ഇവിടെ എത്തിച്ചാല് എന്തൊന്നു വെച്ചാൽ ചെയ്യാം. അല്ലാതെ എംബസിക്ക് ഒന്നും ചെയ്യാൻ കഴിയില്ല’ എന്നതായിരുന്നു. അന്ന് സാമൂഹ്യപ്രവർത്തകനായ പോരുവഴി ഷുക്കൂർ (ഇപ്പോൾ ബുക്കരിയായിൽ ജോലി ചെയ്യുന്നു) ഈ പ്രശ്നത്തിൽ ഇടപെടാൻ ശ്രമിച്ചുവെങ്കിലും സ്കൂൾ അതോറിറ്റിയുടെ ഇടപെടൽ പ്രശ്നം വഷളാക്കി. അവർ ജുവാന്നത്ത്, പോലീസ്, മുത്തവാ ഓഫീസ് എന്നിവിടങ്ങളിൽ വിളിച്ചറിയിച്ച് ആ സാധുസ്ത്രീയെ ജയിലിലേക്കയപ്പിച്ചു. ഇസ്ലാഹി സെന്ററിന്റെയും സാമൂഹ്യ പ്രവർത്തകരായ ഞങ്ങളുടെയും ഇടപെടലുകളെ തുടർന്ന് 6 മാസങ്ങൾ കഴിഞ്ഞ് അവളെ എംബസി കയറ്റിവിട്ടു. ഇത്രയേറെ ദുരിതങ്ങൾ അനുഭവിച്ചത് കൂടാതെ നാട്ടിൽ അവളെ കാത്തിരുന്നത് ‘വേശ്യ’ എന്ന പേരായിരുന്നു എന്ന് പിന്നീടറിഞ്ഞു. ഒരു വർഷം കഴിഞ്ഞ് കോഴിക്കോട് ജില്ലയിലെ മുക്കം താമരശ്ശേരി സ്വദേശി നൽകിയ വിസയിൽ വീണ്ടും മറ്റൊരു പേരിൽ അവൾ സൗദിയിലെത്തി. റിയാദിലെ പ്രശസ്തമായ ഒരു മാൻപവർ സപ്ലൈകമ്പനിയിൽ messenger വിസയിൽ വന്ന അവൾ ചെന്ന് എത്തപ്പെട്ടിരിക്കുന്നത് ഒരു വില്ലയിലാണ്. നഗരഹൃദയത്തിലുള്ള ആ വീട്ടിൽ ‘വ്യാജ മാര്യേജ് സർട്ടിഫിക്കറ്റോടെ’ ജീവിക്കുന്നു. ‘ഭർത്താവ് എന്ന ഉദ്യോഗസ്ഥന്റെ’ ‘സുഹൃത്തുക്കളെ സൽക്കരിച്ച്’. ഏറെ അതിശയം അവൾ ഇടയ്ക്കിടക്ക് എന്നെ വിളിക്കുന്നു എന്നതാണ്. പല പല നമ്പറുകളിൽ നിന്ന്. പണ്ടത്തെ കരയുന്ന ആമിനയേ അല്ല ഇന്ന്. മൂത്തമകളെ വിവാഹം കഴിപ്പിച്ചു. ഇളയ മകൾ പഠിക്കുന്നു. അവളോട് ഞാൻ ഇവിടത്തെ നിയമത്തെക്കുറിച്ചും ഇനി ഒരിക്കലും എനിക്ക് നിന്നെ സഹായിക്കാൻ കഴിയില്ലാട്ടോ എന്നും പറഞ്ഞപ്പോൾ പറഞ്ഞത്, അവളുടെ ഭാഷയിൽ തന്നെ ഞാൻ കുറിക്കട്ടെ.

“ഇനി എന്തൂട്ടാ ടീച്ചറേ ജീവിതം? ഞമ്മള് ആണിന്റെ ചൂരടിക്കാതെ വേശ്യാന്ന് വിളിച്ചില്ലേ ഈ ജനം? ഇനീപ്പോ ആ നാറ്റം മാറില്ലാ. പിന്നെ പണം! നിങ്ങക്കെന്നാ അറിയാം? കാശുണ്ടെങ്കിൽ ഇന്ന് എന്താ മേലാത്തത്? എന്റെ മോൾക്ക് ഇവിടെ ഇരുന്നൂണ്ട് ഞാൻ വീട് വെച്ച് കൊടുത്തു. കുട്ടികൾടെ വിശാരം ഞാനിവിടെ ആശുപത്രിയിലെ മെസഞ്ചറ് പണീലാന്നാ. പൊളയ്ക്കണ കാശ് ഉള്ള കാരണം അവൾക്ക് പുതിയ മാപ്പളേടെ വീട്ടില് പെരുത്തു സുഖാണ്..” എന്നിങ്ങനെ നീളുന്നു അവളുടെ അവകാശവാദങ്ങൾ.

ഇത് കേവലം ആമിനക്ക് മാത്രം നേരിട്ട ദുരന്തമല്ല. ഇതുപോലെ വീട്ടുജോലിക്കായി വരുന്ന സ്ത്രീകൾ അനുഭവിക്കുന്ന ദുരന്തങ്ങൾ ഏറെ. ഇത്തരം ആമിനമാർക്ക് സ്വദേശികളുടെ വീടുകളിൽനിന്ന് ലഭിക്കുന്ന ശാരീരിക പീഡനങ്ങളേക്കാൾ താങ്ങാൻ കഴിയാത്തത് സാംസ്കാരിക സമ്പന്നമായ മലയാളികൾ നൽകുന്ന പരിഹാസവും നിന്ദയുമായുള്ള മാനസികപീഡനങ്ങളാണ്. ദീനിബോധമുള്ള ഉത്തമയായ ഭാര്യയായി ജീവിച്ചിരുന്ന ആമിനയെ ഇത്തരം അനാശാസ്യവൃത്തിയിലേക്ക് ഇറക്കിവിട്ടവർ ആര്? സമൂഹം ചോദിച്ചേക്കാം ഇതല്ലാതെ അവൾക്ക് മറ്റെന്തൊക്കെ മാർഗമുണ്ട് എന്ന്. അപ്പോൾ കരിയുന്നത് കേരളത്തിലെ കമ്പോളവൽക്കരണത്തിലെ കറവപശുക്കളായ അടുത്ത തലമുറയാകാം. അവൾ പെടാപ്പാട് പെടുന്നത് അവളുടെ പെൺമക്കൾക്ക് അവളുടെ ഗതിവരാതിരിക്കാനാണ്. മലപ്പുറത്തെ പ്രസിദ്ധമായ യത്തീംഖാനകൾക്ക് തന്നാൽ കഴിയുന്ന സഹായം ചെയ്തുകൊണ്ട് ആമിന ഇന്നും നമ്മുടെ ഇടയിൽ ജീവിക്കുന്നു. ‘ഒക്കെ പടച്ചോൻ പൊറുത്ത് തരും’ എന്ന് പറഞ്ഞ്. ഒപ്പം അവൾ ആശ്വസിക്കുന്നത് അവളെപ്പോലെ 10–20 പേർ ഫാമിലിയായി ഇവിടേം ജിദ്ദേലും താമസിക്കുന്നുണ്ട് എന്ന് പറഞ്ഞാണ്. മലയാളി കണ്ടുപിടിച്ച പുതിയ ‘വാണിഭരീതി’ എത്ര അധഃപതിച്ചതാണ് എന്ന് നോക്കൂ.

മുൻകാല പ്രവാസിയുടെ മകളും ആംഗ്ലോ ഇന്ത്യക്കാരിയുമായ അതീവസുന്ദരി കൊച്ചിക്കാരി ശോഭ ഇത്തരം ഒരു റാക്കറ്റിൽ നിന്ന് രക്ഷപ്പെട്ട് എംബസിയിൽ എത്തിച്ചേർന്നപ്പോൾ ഡീ പോർട്ടേഷൻ സെന്ററിൽ പോകുന്നതിനുമുമ്പ് മൂന്നുനാല് ഡിപ്ലോമാറ്റിക് കോർട്ടേഴ്സുകൾ കൂടി സന്ദർശിക്കേണ്ടിവന്നു എന്ന് കരഞ്ഞുകൊണ്ട് പറയുന്നതു കേട്ടപ്പോൾ, നയം തന്ത്രമാക്കിയ നയതന്ത്രകാര്യാലയത്തിലെ ‘മൂട്ടകളെ’യും ‘സഹായിക്കുന്ന’ സാമൂഹ്യപ്രവർത്തനത്തിന്റെ മേലങ്കിയണിഞ്ഞ് പത്രമാധ്യമങ്ങളിൽ സ്ഥിരം പ്രത്യക്ഷപ്പെടുന്ന ‘പേക്കോലങ്ങ’ളേയും ഞാൻ തിരിച്ചറിയുകയായിരുന്നു.

ആമിന ശപിക്കുന്നത് സൈതലവിയെയാണ്. കൂടെ പുനർവിവാഹത്തിന് അനുമതി നൽകുന്ന തന്റെ മതത്തേയും. ഒരു സ്ത്രീയും അനാഥരാകരുത്, വ്യഭിചരിക്കരുത്, ഭർതൃമതിയായി ആദരിക്കപ്പെടണം എന്ന ആപ്തവാക്യവുമായി യുദ്ധക്കെടുതിയിൽ ഭർത്താവ് നഷ്ടപ്പെട്ട, അസുഖത്താൽ ഭർത്താവ് മരണപ്പെട്ട സ്ത്രീകളെ വിവാഹം കഴിച്ച് എല്ലാ ഭാര്യമാരെയും തുല്ല്യരായി കണ്ട് എല്ലാ കാര്യത്തിലും തുല്ല്യത പാലിക്കണമെന്ന് അനുശാസിച്ച് പുനർവിവാഹം എന്ന മഹത്തായ സംജ്ഞ നൽകിയ ഇസ്ലാമിനെ മനസ്സിലാക്കുന്നതിൽ സൈതലവിമാർക്കാണോ തെറ്റിയത്? അതോ മലയാളിയുടെ ‘വികസന മാതൃക’ (സംസ്കാരത്തെ)യെക്കുറിച്ച് ലോകത്തിനുമുന്നിൽ പറഞ്ഞ നോബൽ ജേതാക്കൾക്കോ?